**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1866** **08-10-2021 - ൽ മറുപടിയ്ക്ക്**

**അയിരൂർപാടം വെറ്ററിനറി സബ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ അയിരൂർപാടം കേന്ദ്രീകരിച്ച് മൃഗസംരക്ഷണ വകുപ്പിന്റെ വെറ്ററിനറി സബ് സെന്റർ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരിഗണിക്കാമോ; | (എ) | ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിയ സബ്സെന്റർ ആരംഭിക്കുന്നത് പരിഗണനയിലില്ല. |
| (ബി) | കന്നുകാലികളും ക്ഷീര കർഷകരും ധാരാളം ഉള്ള അയിരൂർപാടം നിവാസികൾക്ക് മൃഗങ്ങളുടെ കുത്തിവയ്പിനും മറ്റാവശ്യങ്ങൾക്കുമായി മൃഗാശുപത്രിയിൽ എത്തിച്ചേരാൻ ദീർഘദൂരം സഞ്ചരിക്കേണ്ടതിനാൽ അയിരൂർപാടം കേന്ദ്രീകരിച്ച് പുതിയ വെറ്ററിനറി സബ്സെന്റർ ആരംഭിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഗണിക്കുമോ; | (ബി) | ടി വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിയ സബ്സെന്റർ ആരംഭിക്കുന്നത് പരിഗണനയിലില്ല. എറണാകുളം ജില്ലയിൽ കൃത്രിമബീജദാനത്തിന്റെ എണ്ണം കുറവുള്ള സബ്സെന്റർ അയിരൂർപാടത്ത് പുനർവിന്യസിക്കുന്നതിന് എറണാകുളം ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഇതിനായി ക്ഷീര കർഷകർക്ക് ഉപകരിക്കാത്ത എറണാകുളം ജില്ലയിലെ സബ്സെന്ററുകളെ പുന:ക്രമീകരിച്ചു അയിരൂർപാടം കേന്ദ്രീകരിച്ച് പുതിയ വെറ്ററിനറി സബ്സെന്റർ ആരംഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | എറണാകുളം ജില്ലയിൽ കൃത്രിമബീജദാനത്തിന്റെ എണ്ണം കുറവുള്ള സബ്സെന്റർ അയിരൂർപാടത്തേക്ക് പുനർവിന്യസിക്കുന്നതിന് എറണാകുളം ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു. തുടർനടപടികളുടെ ഭാഗമായി എറണാകുളം ജില്ലാ മൃഗസംരക്ഷണ ഓഫീസർ എറണാകുളം ജില്ലയിൽ പത്തിൽ താഴെ കൃത്രിമ ബീജാധാനം നടത്തുന്ന ഉപകേന്ദ്രങ്ങൾ തിരഞ്ഞെടുത്തതിൽ ചേരാനെല്ലൂർ ഏറ്റവും കുറഞ്ഞ ബീജാധാനം നടക്കുന്ന ഉപകേന്ദ്രമായി കണ്ടെത്തുകയും ടി സ്ഥാപനത്തെ പിണ്ടിമന ഗ്രാമപഞ്ചായത്തിലെ അയിരൂർ പാടത്തേയ്ക്ക് പുനർവിന്യാസം നടത്തുന്നതുമായി ബന്ധപ്പെട്ട് ചേരാനെല്ലൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. പുനർവിന്യാസം നടത്തുന്ന നടപടിയിൽ ആക്ഷേപമുണ്ടെങ്കിൽ അറിയിക്കുന്നതിനും കൂടാതെ 2013-2014 സാമ്പത്തിക വർഷത്തിൽ പുതിയ സബ്സെന്ററിനായി Rs.4,50,000/- (നാല്പ ലക്ഷത്തി അൻപതിനായിരം രൂപ) അനുവദിച്ചശേഷം സബ്സെന്ററിനുവേണ്ട |

| | | | |
|---|---|---|---|
| | | | സ്ഥലവും കെട്ടിടവും കണ്ടെത്തിയിട്ടില്ലാത്തതിനാൽ ടി തുക തിരിച്ചടയ്ക്കുവാനും നിർദ്ദേശം നൽകി. വെറ്ററിനറി സബ്സെന്റർ നിർമ്മാണം വാട്ടർ മെട്രോ പ്രൊജക്റ്റിനൊപ്പം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ളതിനാൽ സബ്സെന്റർ ചേരാനെല്ലൂരിൽ തന്നെ നിലനിർത്തുന്നതിനുള്ള തീരുമാനമുണ്ടാകണമെന്ന് ചേരാനെല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ